(ബി) കാൽനടക്കാർക്കുപോലും അപകടമുണ്ടാക്കും വിധം തകർന്നു കിടക്കുന്ന ചെറുകരക്കോണം മരുതിക്കോട്-കടയ്ക്കോട് റോഡ് പുനരുദ്ധരിക്കുന്നതിന് അടിയന്തിര നടപടികൾ കൈകൊള്ളുമോ ?

ഉത്തരം

(എ) കെ. ഐ. പി. (എൽ. ബി.) ചെറുകരക്കോണം, മരുതിക്കോട്, കടയ്ക്കോട് ടണൽ റോഡിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. 10.35 ലക്ഷം രൂപ യാണ് പുതുക്കിയ എസ്റ്റിമേറ്റ് തുക.

(ബി) എസ്റ്റിമേറ്റ് അംഗീകരിക്കുന്ന മുറയ്ക്ക് റോഡ് പുനരുദ്ധരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

കെ. ഐ. പി. യുടെ പ്രവർത്തനം

105 (2017) ശ്രീ. പി. കെ. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ഐ.പി. യുടെ ലക്ഷ്യം വൃക്ഷവിളകൾക്കും ജലസേചനം ഏർപ്പെടുത്തുക എന്നതായിരുന്നുവോ എന്ന് വ്യക്തമാക്കുമോ ;

(ബി) എങ്കിൽ ഈ ലക്ഷ്യം സാക്ഷാത്ക്കരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ ;

(സി) കെ.ഐ.പി. യുടെ ഉദ്ദേശ്യലക്ഷ്യം സാധിച്ചിട്ടില്ലെങ്കിൽ ഇതിന്റെ പ്രവർത്തനത്തെക്കുറിച്ച് സമഗ്രമായ പഠനവും അന്വേഷണവും നടത്താമോ ?

ഉത്തരം

(എ) കല്ലട ജലസേചനപദ്ധതി വൃക്ഷവിളകൾക്കും ജലസേചനം ഏർപ്പെടുത്താൻ വേണ്ടി വിഭാവനം ചെയ്തിട്ടുള്ളതാണ്.

(ബി) പദ്ധതി ഭാഗികമായി മാത്രമേ കമ്മീഷൻ ചെയ്തിട്ടുള്ളൂ. പദ്ധതിയുടെ ഭാഗമായി വെള്ളം തുറന്നുവിട്ടിട്ടുള്ള കനാലുകളുടെ ഭാഗങ്ങളിൽ വൃക്ഷ വിളകൾക്കും ജലം പ്രയോജനപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലക്ഷ്യം പൂർണ്ണമായും സാക്ഷാത്ക്കരിക്കണമെങ്കിൽ പദ്ധതി പൂർണ്ണമായും കമ്മീഷൻ ചെയ്യുകയും ജല സേചനം ഏർപ്പെടുത്തുകയും ചെയ്യേണ്ടതുണ്ട്.

(സി) ഉദിക്കുന്നില്ല.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള ചെറുകിട ജലസേചനം

106 (2018) ശ്രീ. ജി. സുധാകരൻ :
ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. പി. വിശ്വൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെറുകിട ജലസേചന രംഗത്ത് അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി എൻജിനീയർമാരെയും ടെക്നിക്കൽ സ്റ്റാഫിനെയും തുടർന്ന് ഏതു ജോലികളിൽ ഏർപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly